# മനോഹരമായ **കഥയും കവിതയും**




ശാസ്ത്ര പുരോഗതിയുടെയും ആധുനിക ജീവിത സൗകര്യങ്ങളുടെയുമെല്ലാം എളുപ്പവും സുഖവും അനുഭവിച്ച വരാണല്ലോ നാം. എന്നാൽ ജീവിതസുഖങ്ങളുടെ ആധിക്യമാണോ യഥാർഥ പുരോഗതി? മനുഷ്യനന്മയും മൂല്യങ്ങളുമൊക്കെ മുമ്പുള്ളതിനേക്കാൾ കുറഞ്ഞു പോയിരിക്കുന്നു എന്ന് ഓർമ്മപ്പെടുത്തുന്ന മനോഹരമായ കഥയാണ് 'അഭിമാനം'. വാർദ്ധക്യത്തിൽ സ്വന്തം മക്കളാൽ പുറന്തള്ളപ്പെടുന്ന മാതാപിതാക്കൾ നമ്മുടെ സമൂഹത്തിൽ വർധിച്ചു വരുന്നു. അത്തരം ഒരു വൃദ്ധന്റെ ജീവിതാവസ്ഥ ഉള്ളിൽ തട്ടും വിധം കഥാകാരി ആവിഷ്ക്കരിച്ചിരിക്കുന്നു.

'സ്ത്രീ' എന്ന കവിതയിൽ സ്വയം തിരിച്ചറിയുന്ന സ്ത്രീത്വത്തിന്റെ ശബ്ദം കേൾക്കാം.

സസ്നേഹം
**മാഷ്**

# ഭൂമിതൻ സഖി

മേഘങ്ങൾ പെരുമ്പറ കൊട്ടുമ്പോൾ
ഉള്ളം തുടിച്ചുകൊണ്ടാരോ
എത്തിനോക്കുന്നു
വെൺകൊറ്റക്കുട പോലെ
മഴമേഘങ്ങൾ എന്നെ സ്പർശിക്കുന്നതോ?
ദൈവത്തിൻ തലോടലോ?
മഴത്തുള്ളിയുടെ മർമരം
എൻ കിനാവിൻ സംഗീതമോ?
കിളികളുടെ ചിലമ്പലും കാറ്റിൻ താളവും കേട്ട്
എൻ മനം കുളിർക്കുന്നു
തോരാതെ ചൊരിഞ്ഞീടുമോ നിൻ
സ്നേഹലാളനം...
മറന്നീടുമോ നീ ഈ ഭൂമി തൻ സഖിയെ..
നീ പിണങ്ങിയാൽ നിശ്ചലമീ ഭൂമി
നിൻ കുളിർമയും
നിൻ സംഗീതവുമല്ലോ ഭൂമി-
തൻ ജീവ വായു
നിൻ വരവിന്നായ് കാത്തിരിക്കുന്നു
ഈ ജീവജാലങ്ങളൊക്കെയും.

**ദിയ അൻവർ ടി. എം,** ക്ലാസ്-9
ഇസ്ലാമിക് ഹയർസെക്കണ്ടറി സ്കൂൾ, ആലുവ



**റസാനത്ത് കെ,** ക്ലാസ് 3
എ.എം.എൽ.പി സ്കൂൾ
നെട്ടൻചോല, വളവന്നൂർ




**ഹാദിയ ഹക്കീം കെ.എം,** യു.കെ.ജി
ഗാർഡൻ വാലി, കുറ്റിപ്പാല



# STUPID

മണ്ടൻ, മരമണ്ടൻ, ആനമണ്ടൻ, പൊട്ടൻ, ബുദ്ദൂസ് എന്നിങ്ങനെ വിഡ്ഢിത്തത്തെ സൂചിപ്പിക്കുന്ന എമ്പാടും വാക്കുകൾ നമ്മുടെ നല്ല മലയാളത്തിലുണ്ട്. എല്ലാ ഭാഷ സംസാരിക്കുന്നവരിലും മണ്ടൻമാർ ധാരാളം ഉണ്ടാവും എന്നതിനാൽ എല്ലാ ഭാഷകളിലും കാണാം ഇങ്ങനെയുള്ള അനേകം പദങ്ങൾ. ഇംഗ്ലീഷിൽ Stupid, Fool, Childish, Daft, Unwise, Ridiculous, Idiot, Halfwitted, Half brained, Goof എന്നിങ്ങനെ പല വാക്കുകളുമുണ്ട് മണ്ടച്ചാരെ അടയാളപ്പെടുത്താൻ.




എ.കെ. അബ്ദുൽമജീദ്